## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം
### നക്ഷത്രചിഹ്നമിട്ട ചോദ്യം നം.121 02.05.2017 ൽ മറുപടിയ്ക്ക്

### കേന്ദ്ര മോട്ടോർ വാഹന നിയമഭേദഗതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി.വീണാ ജോർജ്ജ്<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ. പി.വി. അൻവർ<br>ശ്രീ.യു. ആർ. പ്രദീപ് | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കേന്ദ്ര മോട്ടോർ വാഹനനിയമ ഭേദഗതി പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. ലോക് സഭ പാസ്സാക്കിയ 2016-ലെ കേന്ദ്ര മോട്ടോർവാഹന (ഭേദഗതി) ബില്ലിൽ പ്രധാനമായും നിർദ്ദേശിക്കുന്ന മാറ്റങ്ങൾ ഇനി പറയും പ്രകാരമാണ്. നിലവിൽ ഡ്രൈവിംഗ് ലൈസൻസിനായി ഒരു വ്യക്തി അപേക്ഷിക്കേണ്ടത് അയാളുടെ താമസസ്ഥലത്തെ ഓഫീസിലോ അല്ലെങ്കിൽ ഡ്രൈവിംഗ് പരിശീലനം നേടുന്ന സ്കൂൾ സ്ഥിതി ചെയ്യുന്ന ഓഫീസ് പരിധിയിലോ ആയിരിക്കേണ്ടതാണ്. ഇത് ഒഴിവാക്കി. ഒരു വ്യക്തിക്ക് ഏത് ഓഫീസിലും അപേക്ഷ നൽകാവുന്നതാണ്. ബാഡ്ജ് ലഭിക്കണമെങ്കിൽ നിലവിൽ 8-ാം ക്ലാസ് ജയിച്ചിരിക്കേണ്ടതാണ്. ഈ വിദ്യാഭ്യാസ യോഗ്യത ഒഴിവാക്കി. ഡ്രൈവിംഗ് ടെസ്റ്റിൽ മൂന്ന് പ്രാവശ്യം പരാജയപ്പെട്ട വ്യക്തി അടുത്ത ടെസ്റ്റിനുമുമ്പായി റെമഡിയൽ ട്രെയിനിംഗ് നേടിയിരിക്കേണ്ടതാണ്. കേന്ദ്ര സർക്കാർ ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നതാണ്. ഡ്രൈവിംഗ് ലൈസൻസുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ട്. നിലവിൽ കാലാവധി കഴിഞ്ഞ ലൈസൻസ് അഞ്ചു വർഷം |

| | | | |
|---|---|---|---|
| | | | വരെ പുതുക്കാമായിരുന്നത് ഒരു വർഷമായി ചുരുക്കി.<br>വാഹന രജിസ്ട്രേഷനായി താമസ/ജോലിസ്ഥലത്തിനു പുറത്ത് ഏത് ഓഫീസിലും അപേക്ഷ നൽകാൻ കഴിയും. വാഹന ഡീലർക്ക് രജിസ്ട്രേഷൻ നമ്പർ ഇല്ലാതെ വാഹനം കൈമാറാനാവില്ല. പുതിയ വാഹനം രജിസ്ട്രേഷൻ ആവശ്യത്തിനായി ഓഫീസിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതില്ല. വാഹന നിർമ്മാതാവ് വാഹനങ്ങളുടെ നിർമ്മാണ കുറവുകൾ പരിഹരിക്കാൻ ബാധ്യസ്ഥനാണ്. 1-10-2018 മുതൽ കമ്പ്യൂട്ടറൈസ്ഡ് ടെസ്റ്റിംഗ് സ്റ്റേഷനുകളിൽ മാത്രമായിരിക്കും ഫിറ്റ്നസിനുള്ള വാഹന പരിശോധന.<br>വിവിധ യാത്രാ മാർഗ്ഗങ്ങളെ ഏകോപിപ്പിക്കാനായി നാഷണൽ ട്രാൻസ്പോർട്ടേഷൻ പോളിസി സ്വകാര്യ മേഖലയിൽ അല്ലെങ്കിൽ പബ്ലിക്-പ്രൈവറ്റ് സഹകരണത്തോടെ സംസ്ഥാന സർക്കാറുകൾക്ക് ലാസ്റ്റ് മൈൽ കണക്ടിവിറ്റി, ഗ്രാമീണ യാത്രകൾ, റോഡ് സേഫ്റ്റി, മലിനീകരണം, ട്രാഫിക് ബ്ലോക്കുകൾ ഒഴിവാക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി പെർമിറ്റ് കണ്ടീഷനുകളിൽ ഇളവ് നൽകാനാവുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് ട്രാൻസ്പോർട്ടേഷൻ സ്കീം നടപ്പാക്കാവുന്നതാണ്. ഓൺലൈൻ ടാക്സി സർവ്വീസുകളെ നിയമ പരിധിയിൽ കൊണ്ടുവരും.<br>നാലു വയസിനു മുകളിലുള്ള ഇരുചക്ര യാത്രികർ ഹെൽമറ്റ് ധരിച്ചിരിക്കണം. മദ്യപിച്ച് വാഹനം ഓടിക്കുന്നവരുടേയും, അമിത വേഗതയിൽ വാഹനമോടിക്കുന്നവരുടെയും തുടർ |

| | | | |
|---|---|---|---|
| | | | കുറ്റകൃത്യങ്ങൾക്ക് ലൈസൻസ് റദ്ദാക്കുവാനുള്ള നടപടികൾ സ്വീകരിയ്ക്കുന്നതാണ്. അപകടങ്ങളിൽ രക്ഷകരാവുന്നവർക്ക് നിയമ പരിരക്ഷ ഉറപ്പാക്കുന്നുണ്ട്. കേന്ദ്ര – സംസ്ഥാന തലങ്ങളിൽ റോഡ് സേഫ്റ്റി ബോർഡുകൾ സ്ഥാപിയ്ക്കും.<br>വാഹനാപകട മരണത്തിൽ ഇൻഷ്വറൻസ് കമ്പനി അഞ്ചു ലക്ഷം രൂപയും ഗുരുതര പരിക്കിന് 2.5 ലക്ഷം രൂപയും നൽകും. ഹിറ്റ് ആന്റ് റൺ കേസുകളിലും, ഗോൾഡൻ അവറിലെ സൗജന്യ ചികിത്സ എന്നിവയ്ക്ക് കേന്ദ്ര സർക്കാർ നിയമം കൊണ്ടു വരുന്നതാണ്. പ്രായപൂർത്തിയാകാത്തവർ വാഹനമോടിച്ചാൽ മാതാപിതാക്കളും നിയമ നടപടികൾക്ക് വിധേയരാവും, നിയമ ലംഘനങ്ങളുടെ പിഴ വർദ്ധിപ്പിച്ചിട്ടുണ്ട് എന്നിവയാണ് പ്രധാനമായി മോട്ടോർ വാഹന നിയമ ഭേദഗതികളിൽ ഉൾപ്പെട്ടിരിയ്ക്കുന്നത്. |
| (ബി) | പുതുതായി ചേർത്തിട്ടുള്ള വകുപ്പ് 215 എ, 215 ബി, 215 സി എന്നിവ, മോട്ടോർ വാഹന നിയമം നടപ്പിലാക്കേണ്ട കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ബാധ്യതയ്ക്ക് എന്ത് മാറ്റമുണ്ടാക്കുമെന്ന് അറിയിക്കാമോ; | (ബി) | പുതിയതായി ഉൾപ്പെടുത്തിയ വകുപ്പ് 215 (എ) നിയമപ്രകാരം കേന്ദ്ര സംസ്ഥാന സർക്കാരുകൾക്ക് അവയുടെ അധികാരം വ്യക്തികൾക്കോ, വ്യക്തികളുടെ കൂട്ടങ്ങൾക്കോ ആയി ഡെലിഗേറ്റ് ചെയ്യാവുന്നതും അവർക്ക് അത്തരം അധികാരങ്ങൾ വിനിയോഗിക്കാവുന്നതുമാണ്. 215 (ബി) നിയമപ്രകാരം ഈ വിഷയത്തിൽ ചട്ടങ്ങൾ നിർമ്മിക്കുവാൻ കേന്ദ്ര സർക്കാരിനാണ് അധികാരം.<br>അപേക്ഷകൾ നൽകാനും അപേക്ഷകളുടെ ഫീസ് എന്നിവയ്ക്ക് ഇലക്ട്രോണിക് രീതികൾ ഉപയോഗിക്കാവുന്നതാണെന്നും **215(ബി)(2)(എ)** നിയമം അനുശാസിക്കുന്നു. മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ യോഗ്യതകൾ |

| | | | |
|---|---|---|---|
| | | | സംബന്ധിച്ചാണ് 215(ബി)(2)(ബി) വിശദീകരിക്കുന്നത്. ഇതിനായി സംസ്ഥാന സർക്കാരുകൾക്ക് നിയമങ്ങൾ നിർമ്മിക്കാമെന്നും സൂചിപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ലോക് സഭ പാസ്സാക്കിയ ബിൽ മാത്രമാണ് പുറത്തുവന്നിട്ടുള്ളത്. ഈ ബിൽ ഇനി രാജ്യസഭ കൂടി പാസ്സാക്കി രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ച് കഴിഞ്ഞേ ഭേദഗതി ചെയ്ത ആക്ട് നിലവിൽ വരുകയുള്ളൂ. കേന്ദ്ര സർക്കാർ ചട്ടങ്ങളും തുടർന്ന് സംസ്ഥാന സർക്കാർ ചട്ടങ്ങളും നിർമ്മിച്ചുകഴിഞ്ഞാൽ മാത്രമേ ഈ വിഷയത്തിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമാവുകയുള്ളൂ. |
| (സി) | ലോക് സഭ പാസ്സാക്കിയ ഭേദഗതി ബില്ലിലെ 66, 67 വകുപ്പുകൾ പ്രകാരം യാത്രാ -ചരക്കു വാഹനങ്ങൾക്ക് പെർമിറ്റില്ലാതെ ഓടാമെന്ന സ്ഥിതി സംജാതമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (സി) | ഭേദഗതി ബില്ലിലെ 66, 67 വകുപ്പുകൾ പ്രകാരം പെർമിറ്റില്ലാതെ ഓടാമെന്ന സ്ഥിതി സംജാതമാകില്ല.എന്നാൽ, മൂലനിയമത്തിലെ വകുപ്പ് 66-ന്റെ ഭേദഗതിയായി വാഹനങ്ങൾക്ക് പെർമിറ്റുകൾക്കു പുറമെ ലൈസൻസ് എന്നൊരു സംവിധാനം കൂടി ഭേദഗതി ബില്ലിൽ വിവരിക്കുന്നുണ്ട്. വകുപ്പ് 67-ന്റെ ഭേദഗതിയിലെ വ്യവസ്ഥകൾ പ്രകാരം ലാസ്റ്റ് മൈൽ ഗതാഗത സംവിധാനം, ഗ്രാമീണ യാത്ര, ട്രാഫിക്ക് കുരുക്ക് ഒഴിവാക്കൽ നഗരയാത്രാ സംവിധാനം, റോഡ് സുരക്ഷ, ഗതാഗത സൗകര്യങ്ങളുടെ കൃത്യമായ ഉപയോഗം, സാമ്പത്തീക സൗകര്യങ്ങളുടെ വികസനം, യാത്രാ സൗകര്യ വർദ്ധനവുകൾ, പ്രകൃതി സംരക്ഷണം, ഇന്ധന ഉപയോഗം, ജീവിത നിലവാരമുയർത്തൽ, വിവിധ യാത്രാ സൗകര്യങ്ങളുടെ ഒരുമിപ്പിക്കൽ എന്നിവയ്ക്കായി സംസ്ഥാനങ്ങൾക്ക് ചട്ടങ്ങൾ നിർമ്മിക്കാനാവും. ഇത്തരം |

| | | | |
|---|---|---|---|
| | | | വാഹനങ്ങൾക്ക് പെർമിറ്റോ പുതിയതായിപ്പറയുന്ന ലൈസൻസ് സംവിധാനത്തിലെ ലൈസൻസോ ആവശ്യമാണെന്നു തന്നെയാണ് കാണുന്നത്. ഭേദഗതി വരുത്തിയ മോട്ടോർ വാഹന നിയമം പ്രാബല്യത്തിൽ വന്ന് ചട്ടങ്ങൾ കൂടി രൂപീകൃതമായതിനു ശേഷം മാത്രമേ ഈ വിഷയത്തിൽ കൂടുതൽ വ്യക്തതയുണ്ടാവുകയുള്ളൂ. |
| (ഡി) | തൊഴിലാളി സംഘടനകളുടെ എതിർപ്പിനെ അവഗണിച്ച് അശാസ്ത്രീയവും ദ്രോഹകരവുമായ നിരവധി വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഭേദഗതികളോട് മുൻ സംസ്ഥാന സർക്കാരിന്റെ നിലപാട് വ്യക്തമാക്കിയിരുന്നോ; ഇത് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നോ എന്ന് വ്യക്തമാക്കാമോ? | (ഡി) | കേന്ദ്ര സർക്കാർ തയ്യാറാക്കിയ 2014 ലെ റോഡ് സേഫ്റ്റി ബില്ലിൽ സംസ്ഥാന സർക്കാരിനെ ദോഷകരമായി ബാധിച്ചേക്കാവുന്ന വ്യവസ്ഥകൾ സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ വിയോജിപ്പ് കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത ബില്ലിലെ വ്യവസ്ഥകൾക്കെതിരെ ശക്തമായ വിയോജിപ്പ് രേഖപ്പെടുത്തി. സംസ്ഥാനങ്ങളുടെ എതിർപ്പിനെ തുടർന്ന് റോഡ്സേഫ്റ്റി ബിൽ കേന്ദ്ര സർക്കാർ പാർലമെന്റിൽ അവതരിപ്പിച്ചില്ല. ഇപ്പോഴത്തെ നിയമത്തിലെ ദോഷകരമായ വ്യവസ്ഥകൾ ഈ സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**